

WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**


**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/06/2023.

1. ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (21.06.2023) രാവിലെ 10.30 ത് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സെക്രട്ടറിയേറ്റ് അനക്സ് അങ്കണത്തിൽ വച്ച് നിർവ്വഹിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ കൂർക്ക തലകൾ, മുരിങ്ങക്കമ്പുകൾ എന്നിവ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില ഒരു കൂർക്ക തലക്ക് ഒരു രൂപ, മുരിങ്ങക്കമ്പ് ഒന്നിന് 20 രൂപ. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കൊക്കോ കൃഷി - കൊക്കോ കൃഷി ആരംഭിക്കാൻ മികച്ച സമയമാണ് ഇത്. ഉഷ്ണമേഖലാ സസ്യമായ കൊക്കോ കേരളത്തിന്റെ മണ്ണിനും കാലാവസ്ഥക്കും അനുയോജ്യമായ വിളയാണ്. തെങ്ങ്, കവുങ്ങ്, റബ്ബർ എന്നിവക്ക് ഇടവിളയായി കൃഷി ചെയ്യാവുന്ന വിളയാണ് കൊക്കോ. ശരിയായ രീതിയിൽ പരിപാലിച്ചാൽ ഉൽപ്പാദനം വർദ്ധിക്കുകയും അതു വഴി ലാഭം ഉണ്ടാക്കാനും കഴിയും. വർഷം മുഴുവൻ പൂക്കുകയും കായ്കൾ ഉണ്ടാവുകയും ചെയ്യുന്ന ഒരു വിള എന്ന നിലയിൽ കൊക്കോ കർഷകന് ക്രമമായ വരുമാനം ഉറപ്പാക്കുന്നു. അതു കൊണ്ട് തന്നെ പുതിയതായി കൊക്കോ കൃഷിയിലേക്ക് ഇറങ്ങാനുള്ള ഏറ്റവും അനുയോജ്യമായ സമയമാണ്. കേരള കാർഷിക സർവ്വകലാശാല പോളിക്ളോണൽ സീഡ് ഗാർഡൻ എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുള്ള തൈകൾ മുന്തിയ ഗുണനിലവാരം നിലനിർത്തുവയാണ്. ഈ പോളിക്ളോണൽ ഹൈബ്രിഡ് തൈകൾ കേരള കാർഷിക സർവകലാശാലയുടെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ നിന്നും, കാഡ്ബറി (മൊണ്ടേലീസ്) യുടെ അംഗീകൃത നഴ്സറികളിൽ നിന്നും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് :- കൊക്കോ ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര. ഫോൺ നമ്പർ :04872438451

4. ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ മോഹിത് നഗർ, രത്നഗിരി, സൈഗോൺ എന്നീ ഇനങ്ങളിലുള്ള നല്ലയിനം കമുകിൻ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0471-2400621** എന്ന നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കൃഷിവകുപ്പിന്റെ ആനയറയിലുള്ള വില്പന കേന്ദ്രം വഴി അത്യുൽപാദന ശേഷിയുള്ള DXT, TXD, WCT, Orange Dwarf, കുറ്റ്യാടി നാടൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളും കൂടാതെ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, അടയ്ക്ക, കുടംപുളി, അലങ്കാര ചെടികൾ തുടങ്ങിയവ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പറിൽ ബന്ധപ്പെടുക.

6. ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം പനമരം ബ്ലോക്ക് പഞ്ചായത്തിൽ ഈ മാസം 19 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന നമ്പരുമായി ബന്ധപ്പെടാവുന്നതാണ്.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. റബ്ബർമരങ്ങൾ മഴക്കാലത്ത് ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡ് ഡെവലപ്മെന്റ് ഓഫീസർ (ഇൻ-ചാർജ്) പി.ആർ. ശിവരാമൻ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ **04812576622**.

**പരിശീലന പരിപാടി**

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തീറ്റപ്പുൽ കൃഷി എന്ന വിഷയത്തിൽ ഈ മാസം 23 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. ക്ഷീര വികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ് ഡവലപ്മെന്റ് സെന്ററിൽ "**ശുദ്ധമായ പാലുൽപ്പാദനം**" എന്ന വഷയത്തെ ആസ്പദമാക്കി ഈ മാസം 23, 24 തീയതികളിൽ 2 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 04734299869, 9447479807, 9495390436 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്ട്സാപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കാവുന്നതാണ്. ആദ്യം രജിസ്റ്റർചെയ്യുന്ന 30 പേർക്ക് ട്രെയിനിംഗിൽ പങ്കെടുക്കാവുന്നതാണ്.

11. കേരള കാർഷിക സർവ്വകലാശായുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണൂത്തിയുടെ ആഭിമുഖ്യത്തിൽ ജൈവ ഉൽപാദനോപാധികൾ എന്ന വിഷയത്തിൽ ഈ മാസം 24 ന് കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണൂത്തിയിൽ വച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് സുരക്ഷിതമായി ഭക്ഷണം ഉണ്ടാക്കാനുള്ള വിവിധ മാർഗങ്ങളെ കുറിച്ച് വിദഗ്ധോപദേശവും കാർഷിക പരിശീലനവും നൽകുന്നു. തീയറി ക്ലാസ്സുകളോടൊപ്പം ജൈവ വസ്തുക്കളിൽ നിന്നുള്ള വിവിധതരം കമ്പോസ്റ്റ് നിർമ്മാണം, ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവയുടെ പ്രയോഗം, പുകയില കഷായം, വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം തുടങ്ങിയ കീടനാശിനികളുടെ നിർമ്മാണം എന്നിവയും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഈ മാസം 23 ന് മുമ്പായി ഓഫീസ് സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. **മൃഗസംരക്ഷണ നിർദ്ദേശം**

**കറവ പശുക്കളിൽ അകിടുവീക്ക രോഗം**

കറവ പശുക്കളിൽ അകിടുവീക്ക രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം.